(ബി) എത്ര ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നത്;

(സി) ഈ സർവ്വീസുകൾ കൃത്യമായിട്ട് നടത്തുവാനും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥ പരിഹരിക്കുവാനും എന്തു ശ്രമങ്ങളാണ് കോർപ്പറേഷന്റെ ഭാഗത്തു നിന്നുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 90

(ബി) 90

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കും ദേശസാൽകൃതമേഖലയിലെ സർവ്വീസുകൾക്കും. മുൻഗണന നൽകി പരമാവധി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

64 (356) അന്തർ സംസ്ഥാന റൂട്ടുകൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസിൽ എത്ര റൂട്ടുകൾക്കുവേണ്ടി എഗ്രിമെന്റുകൾ പുതുക്കിയിട്ടുണ്ട്;

(ബി) എത്ര അന്തർ സംസ്ഥാന റൂട്ടുകൾ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്നുണ്ട്;

(സി) ഇതിൽ എത്ര റൂട്ടുകളിലാണ് ഇപ്പോൾ സർവ്വീസ് തുടങ്ങിയത്;

(ഡി) ബാക്കിയുള്ളവ എപ്പോൾ ആരംഭിക്കും?

ഉത്തരം

(എ) അന്തർ സംസ്ഥാന കരാർ പ്രകാരം കേരളം 32 സർവ്വീസുകൾ തമിഴ്നാട്ടിലേയ്ക്കും 27 സർവ്വീസുകൾ കർണ്ണാടകത്തിലേയ്ക്കും നടത്തും. തമിഴ്നാട് സർക്കാർ 13 സർവ്വീസുകളും കർണ്ണാടകം 15 സർവ്വീസുകളും കേരളത്തിലേക്ക് നടത്തുന്നുണ്ട്.

(ബി) ഇപ്പോൾ 97 റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഇതിൽ 45 റൂട്ടുകളിലാണ് ഇപ്പോൾ സർവ്വീസ് തുടങ്ങിയത്.

(ഡി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് ബാക്കി സർവ്വീസുകൾ കൂടി തുടങ്ങുന്നതാണ്.

65(357) ശബരിമലയിലേക്ക് ബസ്സ് സർവ്വീസ്

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുനിന്നും ശബരിമലയിലേയ്ക്ക് കെ.എസ്. ആർ.ടി.സി. സ്ഥിരം സർവ്വീസ് നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly